(ബി) വിദ്യാഭ്യാസം, തൊഴിൽ സാമൂഹ്യ സുരക്ഷാ മേഖലകളിൽ ഈ വിഭാഗങ്ങളെ സമൂഹത്തിന്റെ പൊതു നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള ശ്രമത്തിൽ വ്യക്തമായ പുരോഗതി നേടിയിട്ടുണ്ട്.

(സി) താലൂക്ക് പട്ടികജാതി വികസന ഓഫീസുകൾ നിർത്തലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 9-5-2000-ലെ സർക്കാർ ഉത്തരവ് (പി) നം. 32/2000/പജ.പവ.വിവ. പ്രകാരം പട്ടികജാതി വികസനവകുപ്പിലെ 61 താലൂക്ക് പട്ടികജാതി വികസന ഓഫീസർമാരെ ഏറ്റവുമധികം പട്ടികജാതി ജനസംഖ്യ കൂടുതലുള്ള വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ എന്നിവിടങ്ങളിലായി പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്1 എന്ന പേരിൽ പുനർ വിന്യസിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 5000-ൽ അധികം പട്ടികജാതി ജനസംഖ്യയുള്ള എല്ലാ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലും പട്ടികജാതി വികസന ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

എസ്.സി. എസ്.ടി. കോർപ്പറേഷൻ നൽകി വരുന്ന സഹായക്ഷേമ പദ്ധതികൾ

2 (825) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി. എസ്.ടി. കോർപ്പറേഷൻ ഇപ്പോൾ നൽകിവരുന്ന സഹായക്ഷേമ പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) ഈ സഹായം ലഭിക്കുന്നതിന് ഏതൊക്കെ വിഭാഗങ്ങളിൽപെട്ടവരെയാണ് തിരഞ്ഞെടുക്കുന്നത് ;

(സി) കൃഷിഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം എത്രപേർക്ക് ഭൂമി നൽകി ;

(ഡി) വാഹനങ്ങൾ നൽകുന്ന പദ്ധതി പ്രകാരം കോർപ്പറേഷൻ ഇതുവരെയായി എത്ര വാഹനങ്ങൾ വിതരണം ചെയ്തു ; ഏതൊക്കെ വാഹനങ്ങൾ ;

(ഇ) ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന രീതി എന്താണ് ;

(എഫ്) ഉന്നതവിദ്യാഭ്യാസം നേടുന്നതിനായി വിദ്യാർത്ഥികൾക്ക് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) സഹായക്ഷേമ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട 18 വയസ്സിനും 45 വയസ്സിനും ഇടയിലുള്ള യുവതീ യുവാക്കളെയാണ് തെരെഞ്ഞെടുക്കുന്നത്. ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുമാനമുള്ളവരെയാണ് കോർപ്പറേഷൻ നേരിട്ട് ധനസഹായം നൽകി സഹായിക്കുന്നത്. ദേശീയ കോർപ്പറേഷൻ സഹായമുള്ള പദ്ധതികൾക്ക് ഗ്രാമപ്രദേശത്ത് 31,952 ഉം പട്ടണ പ്രദേശത്തുള്ളവർക്ക് 42,412 രൂപയുമാണ് വരുമാന പരിധി.

(സി) കൃഷിഭൂമി വായ്പാ പദ്ധതി പ്രകാരം ഇതുവരെ 9,673 പേർക്ക് വായ്പാ വിതരണം നടത്തിയിട്ടുണ്ട്. 1998-ൽ തുടങ്ങിയ പുതിയ പദ്ധതി അനുസരിച്ച് 983 പേരെ ഈ പദ്ധതിക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ വിവിധ ജില്ലകളിലായി 553 പേർക്ക് വായ്പാ വിതരണം നടത്തിയിട്ടുണ്ട്.

(ഡി) വിവിധയിനം വാഹന വായ്പാ പദ്ധതി പ്രകാരം ഇതുവരെ 3,058 വാഹനങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. ടാക്സി ജീപ്പ്/ ടാക്സി കാർ, ഓട്ടോറിക്ഷാ, ടെംമ്പോ, ബസ്സ്, ലോറി, പോട്രോൾ ഓട്ടോറിക്ഷാ, ഡീസൽ ഓട്ടോറിക്ഷാ, എൻ.സി.വി. ഗുഡ്സ്, വാട്ടർ സ്കൂട്ടർ, ഡീസൽ ട്രെയ്ലർ.

(ഇ) വാഹനവായ്പാ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിവിധ പത്രങ്ങളിൽ പരസ്യം ചെയ്യുന്നു. അപേക്ഷകരെ ജില്ലതിരിച്ച് ഇന്റർവ്യൂവിന് ക്ഷണിക്കുന്നു. ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, ക്വാളിഫിക്കേഷൻ മുതലായവയുടെ അടിസ്ഥാനത്തിൽ, കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ, ചെയർമാൻ, ബോർഡ് മെംമ്പർ എന്നിവർ അടങ്ങിയ കമ്മിറ്റി ഇന്റർവ്യൂ നടത്തുന്നു. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരെയാണ് തെരഞ്ഞെടുക്കുന്നത്. പ്രായപരിധിയിൽ എത്തി നിൽക്കുന്നവർക്ക് കൂടുതൽ പരിഗണനയുണ്ട്. വൃദ്ധരായ അച്ഛനമ്മമാർ, അംഗവൈകല്യമുള്ളവർ, ക്ഷയരോഗികൾ എന്നിവർ കുടുംബാംഗങ്ങളായി ഉള്ളവർക്കും, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീ കുടുംബനായികയായിട്ടുള്ളവർക്കും പ്രത്യേക പരിഗണനയുണ്ട്.

(എഫ്) ഉണ്ട്.

ആദിവാസി കോളനികൾ

3 (826) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആദിവാസികളുടെ പ്രാഥമിക ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞ നാലു വർഷങ്ങളിൽ നടപ്പാക്കിയിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ ആദിവാസി കോളനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിക്കാവുന്നതാണ്. രോഗഗ്രസ്ത വ്യവസായം നിർണ്ണയിക്കാൻ നിലവിലുള്ള സംവിധാനം പര്യാപ്തമല്ല. അനുയോജ്യമായ ഒരു ത്രികക്ഷി സംവിധാനമുണ്ടായി രോഗഗ്രസ്ത വ്യവസായങ്ങളുടെ സ്ഥിതി തുടർച്ചയായി നിരീക്ഷിക്കാനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്.

10. തൊഴിൽമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു ത്രികക്ഷി സംവിധാനം "സ്റ്റേറ്റ് ലേബർ കൗൺസിൽ" എന്ന നാമത്തിൽ രൂപവൽക്കരിക്കണമെന്ന് കോൺഫറൻസ് ശുപാർശ ചെയ്തു. ദേശീയ ലേബർ കോൺഫറൻസിന് മുന്നോടിയായി വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും കൗൺസിൽ സമ്മേളിക്കേണ്ടതാണ്. സംസ്ഥാന സർക്കാർ, ദേശീയ കോൺഫറൻസിൽ സൃഷ്ടിപരമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ ഈ നിർദ്ദേശം സഹായകരമാണ്. നിർദ്ദിഷ്ട കൗൺസിലിന്റെ വലിപ്പം കണക്കിലെടുത്ത് അത്യാവശ്യമുള്ള തീരുമാനങ്ങൾ കൈക്കൊള്ളാൻ കൗൺസിലിന്റെ ഒരു "സ്റ്റാന്റിംഗ് കമ്മിറ്റി" രൂപവൽക്കരിക്കുന്നത് ഉചിതമായിരിക്കും. ഈ സമിതി കൂടെക്കൂടെ യോഗം ചേരണം.

11. നിർദ്ദിഷ്ട ലേബർ ടേംസ് ഓഫ് റഫറൻസ് നിശ്ചയിക്കാൻ വ്യവസായ തൊഴിൽ മേഖലയിലെ ബന്ധപ്പെട്ട എല്ലാവരുമായി സർക്കാർ ചർച്ച നടത്തുന്നത് അഭികാമ്യമാണ്.

അനുബന്ധം - IV

[27-6-2000 - ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2 (825) ദയവായികാണുക]

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ.

1. കൃഷിഭൂമി വായ്പാ പദ്ധതി
2. ബെനിഫിഷറി ഓറിയന്റ്സ് സ്കീം
3. കോൺക്രീറ്റ് മെറ്റീരിയൽസ് യൂണിറ്റ്
4. വിദ്യാഭ്യാസ ലോൺ
5. വിദേശ തൊഴിൽ പദ്ധതി
6. ആട് വളർത്തൽ പദ്ധതി
7. വ്യക്തിഗത പദ്ധതികൾ
8. മാർജിൻമണി ഡെപ്പോസിറ്റ് സ്കീം

LIBRARY ARCHIVES Kerala Legislative Assembly

9. മാർജിൻമണി ലോൺ സ്കീം
10. വിവാഹ വായ്പാ പദ്ധതി
11. കറവമാട് പദ്ധതി
12. സഞ്ചരിക്കുന്ന തുണി വിൽപ്പന യൂണിറ്റ്
13. സഞ്ചരിക്കുന്ന മൽസ്യ വിൽപ്പന യൂണിറ്റ്
14. സഞ്ചരിക്കുന്ന പഴം/പച്ചക്കറി വിൽപ്പന സ്റ്റാൾ
15. പന്നി വളർത്തൽ പദ്ധതി
16. പ്രൊഫഷണൽ സർവ്വീസസ്
17. റെഡിമെയ്ഡ് ഗാർമെന്റ്സ്
18. എസ്. ടി. ഡി. ബൂത്ത്
19. ടെയിലറിംഗ്
20. തട്ടുകട
21. ട്രെയിനിംഗ്
22. വീഡിയോ ക്യാമറ, ഫോട്ടോ കോപ്പികൾ
23. ലാറ്ററേറ്റ് സ്റ്റോൺ കട്ടിംഗ് യൂണിറ്റ്
24. ട്രാൻസ്പോർട്ട് സ്കീം
    - എൽ. സി. വി. ഗുഡ്സ്
    - ത്രീവീലർ ഡീസൽ ട്രെയിലർ
    - പിക്കപ് വാൻ
    - ട്രാക്ടർ
    - പവ്വർ ടില്ലർ
    - പെട്രോൾ ഓട്ടോറിക്ഷ
    - ഡീസൽ ഓട്ടോറിക്ഷ
    - ടാറ്റാ 407
    - ജീപ്പ്
    - കാർ
25. ഭവനനിർമ്മാണ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly